# കൊതുകുതിരികൾ ഹാനികരമെന്ന് ഗവേഷകർ

നിലവിലുള്ള സാമ്പ്രദായിക കൊതുകുനിവാരണ മാർഗ്ഗങ്ങൾ ആരോഗ്യത്തിന് ഹാനികരമാകുന്നതായും വേപ്പെണ്ണ ഉപയോഗിച്ച് കൊതുകിനെ തുരത്താനും ഗവേഷകരുടെ ആഹ്വാനം.

കൊതുകുതിരികളിലും മറ്റും ഉപയോഗിക്കുന്ന അലിത്രീൻ എന്ന രാസവസ്തു ഏറെ അപകടകരമാണെന്ന് വിവിധ ഗവേഷണങ്ങളും സർവ്വേകളും വെളിപ്പെടുത്തുന്നതായി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിലെ മലേറിയോളജിസ്റ്റ് വേദ്പ്രകാശ് ശർമ്മ സൂചിപ്പിക്കുന്നു.

ശ്വാസതടസ്സവും തലവേദനയുമാണ് ഏറെ പ്രകടമാകുന്ന പ്രശ്നങ്ങൾ. കണ്ണുകൾക്ക് അനുഭവപ്പെടുന്ന ചൊറിച്ചിലാണ് കൂടുതൽ പേരെയും അലട്ടുന്ന മറ്റൊരു പ്രശ്നം. ചുമ, ജലദോഷം, മൂക്കൊലിപ്പ്, ചെവിവേദന, തൊണ്ടവേദന തുടങ്ങി ആസ്ത്മ വരെ ഇവയുടെ ഉപയോഗം മൂലം ഉണ്ടാകുന്നു. കൊതുകുനിവാരണ ലേപനങ്ങൾ ഉപയോഗിക്കുന്നവരുടെ ത്വക്കിൽ പാടുകളും കലകളും ചൊറിച്ചിലുമുണ്ടാകുന്നതായി സർവ്വെ വ്യക്തമാക്കുന്നു. ഇത്തരം കൊതുകുനിവാരണമാർഗ്ഗങ്ങൾ കോർണിയക്കും കരളിനും നാശം വരുത്തുമെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. മണ്ണെണ്ണയിൽ വേപ്പെണ്ണ ഒഴിച്ച് കത്തിക്കുക, വേപ്പെണ്ണ കൊണ്ട് ശുചീകരിച്ച മാറ്റുകൾ (mats) ഉപയോഗിക്കുക എന്നിവയാണ് സാമ്പത്തിക ബാധ്യത അധികമാകാതെ സുരക്ഷിതമായി ഉപയോഗിക്കാവുന്ന കൊതുക നിവാരണ മാർഗ്ഗങ്ങൾ.

(അവലംബം: പ്രകൃതി നിർവൃതി)